# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2742** **12.02.2019-ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിൽ സ്ഥാപനങ്ങളിൽ പകുതിയിലേറെയും അവിടത്തെ വനിതാ ജീവനക്കാരുൾപ്പെടെയുള്ള ജീവനക്കാർക്ക് മതിയായ ഇരിപ്പിട സൗകര്യം ഒരുക്കിയിട്ടില്ല എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) പരിശോധിച്ചു. 20.12.2018 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡുകളിലുമായി 20 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചു വരുകയുമാണ്. 02/02/2019-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ സംസ്ഥാനമൊട്ടാകെയുള്ള 358 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഇതിൽ 237 സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതായി കണ്ടെത്തിയ 121 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) കേരള ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് നിയമം 2018-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് മതിയായ ഇരിപ്പിട സൗകര്യം ഒരുക്കേണ്ടതുണ്ടോ ;<br><br>(സി) ഈ നിയമപ്രകാരം ഒരു തൊഴിലാളിക്ക് ലഭിക്കേണ്ട ഇരിപ്പിട സൗകര്യം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം | (ബി) യും (സി) യും ഉണ്ട്. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാ വേളയിലും പ്രസ്തുത നിയമ ഭേദഗതി പ്രകാരമുള്ള |

| | |
|---|---|
| നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചു വരുന്നുണ്ട്. കൂടാതെ 20/12/2018, 02/02/2019 തീയതികളിൽ സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ പരിശോധനയും നടത്തിയിട്ടുണ്ട്. പരാതി, പ്രശ്നപരിഹാരം എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.